LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിലെ ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതികൾ

87 (4710) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ടൂറിസം ഡെസ്റ്റിനേഷൻ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത് ;

(ബി) എങ്കിൽ അവയിലോരോന്നിന്റെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതികൾ അതിവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) അനുബന്ധമായി നൽകിയിരിക്കുന്നു.*

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

കാപ്പാട്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് എന്നീ പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി

88 (4711) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം കാപ്പാട് സൗന്ദര്യവത്ക്കരണം, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് എന്നീ പദ്ധതികൾ പൂർത്തീകരിക്കാൻ അനുവദിച്ച തുക എത്ര എന്നും അതിൽ എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാപ്പാട് ബീച്ചിൽ അടിസ്ഥാന സൗകര്യത്തിനായി 92,02,303 (തൊണ്ണൂറ്റിരണ്ട് ലക്ഷത്തി രണ്ടായിരത്തി മൂന്നൂറ്റിമൂന്ന്) രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ടെണ്ടറിംഗ് നടപടികൾ നടന്നുവരികയാണ്. തുക നൽകിയിട്ടില്ല. കാപ്പാട് സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 5 കോടി 35 ലക്ഷം രൂപയുടെ ബീച്ച് ബ്യൂട്ടിഫിക്കേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഇതുവരെ 4,41,24,130 (നാലുകോടി നാല്പത്തിയൊന്നു ലക്ഷത്തി ഇരുപത്തിനാലായിരത്തി ഒരുന്നൂറ്റി മുപ്പത്) രൂപ നൽകിയിട്ടുണ്ട്. ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വികസനത്തിനായി ആകെ 12,86,00,000 (പന്ത്രണ്ട് കോടി എൺപത്തി ആറ് ലക്ഷം) രൂപയുടെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 5,44,00,656 (അഞ്ച് കോടി നാല്പത്തിനാല് ലക്ഷത്തി അറുന്നൂറ്റി അൻപത്തി ആറ്) രൂപ ചെലവഴിച്ചിട്ടുണ്ട്.

പരപ്പനങ്ങാടി പഞ്ചായത്തിലെ കെട്ടുങ്ങൽ ബീച്ച്, കീരാനല്ലൂർ, കൽപ്പുഴ എന്നീ പ്രദേശങ്ങളിലെ ടൂറിസ വികസനം

89 (4712) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി പഞ്ചായത്തിലെ കെട്ടുങ്ങൽ ബീച്ച്, കീരാനല്ലൂർ, കൽപ്പുഴ എന്നീ പ്രദേശങ്ങളിലെ ടൂറിസം വികസനത്തിന് പ്രോജക്ടുകൾ തയ്യാറാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; ഇതിനുവേണ്ടി പ്രോജക്ടുകൾ തയ്യാറാക്കാൻ ഡി. ടി. പി. സി.ക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളനുസരിച്ച് എന്തെങ്കിലും പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ നടന്നിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ ടൂറിസം സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനായി എന്തെങ്കിലും ബൃഹത് പദ്ധതികൾ തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കെട്ടുങ്ങൽ ബീച്ചിൽ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു. എന്നാൽ വിശദമായ പദ്ധതി തയ്യാറാക്കിയിട്ടില്ല. മറ്റിടങ്ങളിൽ ഇപ്പോൾ ടൂറിസം പദ്ധതി പരിഗണനയിലില്ല. ഇത് സംബന്ധിച്ച് ഡി.റ്റി.പി.സി.ക്ക് നിർദ്ദേശം നൽകിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഒട്ടുമ്പ്രം ബീച്ചിൽ ടൂറിസ്റ്റ് പദ്ധതി

90 (4713) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒട്ടുമ്പ്രം ബീച്ചിൽ ഒരു ടൂറിസ്റ്റ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര തുകയാണ് പദ്ധതിക്ക് ഇപ്പോൾ വകയിരുത്തിയിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly